# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **21.07.2021** മുതൽ **25.07.2021** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 58/2021 | തീയ്യതി: 20/07/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 156.2 | 24.9 – 30.2 | 23.0 – 24.6 | 78 - 96 | 00 – 12.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 21-07-2021 | 22-07-2021 | 23-07-2021 | 24-07-2021 | 25-07-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 15 | 14 | 30 | 31 | 15 |
| കൂടിയ താപനില, °C | 30 | 30 | 29 | 29 | 29 |
| കുറഞ്ഞ താപനില, °C | 25 | 25 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 14 | 14 | 12 | 10 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 320 | 320 | 320 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

<table>
<tr><td rowspan="1">പൊതു നിർദ്ദേശങ്ങൾ</td><td colspan="3">മിതമായ മഴ ലഭിക്കും. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തിയേറിയ മഴയുണ്ടായേക്കും.<br>കനത്ത മഴയ്ക്ക് ശേഷം മലയോര മേഖലകളിൽ മേൽ മണ്ണിൽ നിന്നും സൂക്ഷ്മമൂലകങ്ങൾ നഷ്ടമാവാൻ സാധ്യത ഏറെയാണ്. വാഴ, പച്ചക്കറികൾ എന്നിവയെ ഇത് സാരമായി ബാധിക്കും. ലക്ഷണങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി പരിഹരിച്ചു വിളകളുടെ ആരോഗ്യം നിലനിർത്തുക. ഓർക്കുക, ആരോഗ്യമുള്ള വിളകൾക്ക് മാത്രമേ പോഷക സമൃദ്ധമായ വിളവ് സാധ്യമാവുകയുള്ളൂ.</td></tr>
<tr><td>നെല്ല്</td><td>വിവിധ ഘട്ടം</td><td>നീല വണ്ട്<br></td><td>ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക</td></tr>
</table>

| | | | |
|---|---|---|---|
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു<br> | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലുബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| നെല്ല് | ചെനപ്പ് പൊട്ടുന്ന ഘട്ടം | വാട്ടം<br> | ഫ്യൂജിയോൺ അല്ലെങ്കിൽ നാറ്റിവോ (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ടം<br> | റിഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| മഞ്ഞൾ | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | ഫ്ലൂബെൻഡയാമൈഡ് (ഫെയിം) 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| വെള്ളരിവർഗ്ഗ വിളകൾ | വളർച്ചാ ഘട്ടം | മൊസൈക് രോഗം<br> | വിശ്വാസയോഗ്യമായ സ്ഥലങ്ങളിൽ നിന്ന് മാത്രം വിത്തുകൾ വാങ്ങുക. രോഗം പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പധിഷ്ഠിത കീടനാശിനി (4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| കപ്പ | രണ്ടു മാസം വരെ പ്രായം | മൊസൈക് രോഗം  | ചെടികളുടെ ആരോഗ്യം ക്ഷയിക്കാതിരിക്കാനും വിളവ് നഷ്ടം കുറയ്ക്കാനും ഇനി പറയുന്ന കരുതലുകൾ സ്വീകരിക്കുക. ചെടി ഒന്നിന് 100 ഗ്രാം വീതം ഡോളോമൈറ്റ് ചുറ്റും നൽകി മണ്ണുമായി ഇളക്കി ചേർക്കുക. മൂന്നാഴ്ചയ്ക്കു ശേഷം 50 ഗ്രാം ഫാക്റ്റംഫോസ് + 10ഗ്രാം പൊട്ടാഷ് + ഒരു ഗ്രാം സിങ്ക് സൾഫേറ്റ് നൽകുക. നാല്പത്തഞ്ചു ദിവസം കഴിഞ്ഞു വീണ്ടും 10 ഗ്രാം പൊട്ടാഷ് നൽകുക. അടുത്ത തവണത്തേക്ക് ഈ ചെടികളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കരുത്. |
| വാഴ | വിവിധ ഘട്ടം (നേന്ത്രൻ വാഴ ) | കാത്സ്യത്തിന്റേയും മെഗ്നീഷ്യത്തിന്റേയും കുറവ്  | 250 ഗ്രാം വീതം കുമ്മായം 4 തവണ മാസ ഇടവേളകളിൽ വളം ചേർക്കുന്നതിന് രണ്ടാഴ്ച മുമ്പേ തടത്തിൽ ചേർക്കുക. കൂടാതെ മെഗ്നീഷ്യം സൾഫേറ്റ് 50 ഗ്രാം വീതം രണ്ടു തവണ മൂന്നു മാസത്തെ ഇടവേളയിൽ നൽകുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി